# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6084 — 09.07.2013-ൽ മറുപടിയ്ക്ക്

### പ്ലാച്ചിമട ട്രൈബ്യൂണലിന് അംഗീകാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. വിജയദാസ് | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| എ) കേരള നിയമസഭ പാസ്സാക്കിയ പ്ലാച്ചിമട ട്രൈബ്യൂണൽ, കേന്ദ്രസർക്കാരിന്റെ പരിഗണനയ്ക്കും അംഗീകാരത്തിനും സമർപ്പിച്ചിട്ട് നാളുകളേറെയായിട്ടുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| ബി) പ്രസ്തുത ട്രൈബ്യൂണലിന് അംഗീകാരം ലഭിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ച നടപടികളുടെ വിശദവിവരം നൽകുമോ; | ബി) 24.02.2011-ൽ കേരള നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ 2011-ലെ പ്ലാച്ചിമട കൊക്കക്കോള ദുരിത ബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിനുള്ള പ്രത്യേക ട്രൈബ്യൂണൽ ബിൽ രാഷ്ട്രപതിയുടെ പരിഗണനയ്ക്കും അനുമതിയ്ക്കുമായി ഗവർണറുടെ സെക്രട്ടറിയേറ്റിലെ 29.03.2011-ലെ ജി.എസ്.5-736/11 നമ്പർ കത്ത് മുഖേന കേന്ദ്ര സർക്കാരിന് അയച്ചിട്ടുള്ളതാണ്. പ്രസ്തുത വിഷയത്തിൽ നിയമ നിർമ്മാണം നടത്തുന്നതിന് സംസ്ഥാന നിയമസഭയ്ക്കുള്ള അധികാരം |

സംബന്ധിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം ആവശ്യപ്പെട്ട സംസ്ഥാന സർക്കാരിന്റെ വിശദീകരണം, 17.11.2011-ലെ 14227/ലെഗ്.എഫ്2/11/നിയമം നമ്പർ കത്തു മുഖേനയും 03.07.2012-ലെ 10388/ലെഗ്.എഫ്2/2012/നിയമം നമ്പർ കത്തുപ്രകാരവും ഗവർണർ സെക്രട്ടറിയറ്റ് മുഖേന കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് അയച്ചിട്ടുള്ളതും ആയതിൽ പ്രസ്തുത ബില്ലിന്റെ പ്രാധാന്യവും ആവശ്യകതയും വിശദമാക്കുകയും രാഷ്ട്രപതിയുടെ അനുമതി എത്രയും വേഗം ലഭ്യമാക്കുവാൻ വേണ്ട നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. കേന്ദ്ര സർക്കാർ ഇതുവരെ ആവശ്യപ്പെട്ടിട്ടുള്ള എല്ലാ വിശദീകരണങ്ങളും സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്. കൂടാതെ, 2012 മുതൽ നടത്തിവരുന്ന എം.പി.മാരുടെ കോൺഫറൻസുകളിൽ പ്രസ്തുത വിഷയം ചർച്ചയ്ക്കുവരികയും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വന്നിട്ടുള്ളതുമാണ്. ഇതിനുപുറമെ, ബഹു. മുഖ്യമന്ത്രി 2013 മാർച്ച് മാസത്തിൽ ഡൽഹി സന്ദർശിച്ച വേളയിലും ഈ വിഷയം കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട മന്ത്രാലയങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതുമാണ്.

| | |
|---|---|
| സി) ഇക്കാര്യത്തിൽ സർക്കാരിന്റെ നയം വ്യക്തമാക്കുമോ ; | സി) ബില്ലിന് അംഗീകാരം നേടിയെടുക്കണമെന്നുതന്നെയാണ് സർക്കാർ നയം. |

| | | | |
|---|---|---|---|
| ഡി) | നിലവിൽ ട്രൈബ്യൂണലിന് അംഗീകാരം ലഭിക്കാത്തതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ; | ഡി) | നിലവിൽ യാതൊരു തടസ്സങ്ങളും കേന്ദ്ര സർക്കാരിൽ നിന്നും അറിയിച്ചിട്ടില്ല. |
| ഇ) | ആയത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | ഇ) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ